**14-ാം കേരള നിയമ സഭ**

**7-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 254** **07.08.2017-ൽ മറുപടിയ്ക്ക്**

**പാരിപ്പള്ളി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. സണ്ണി ജോസഫ് :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) പാരിപ്പള്ളി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെങ്കിലും ഉപാധികളോടു കൂടിയാണോ ഈ വർഷം അനുമതി നൽകിയത്; | (എ) ഉണ്ട്.<br>**ഉപാധികൾ**<br>**1.** ചീഫ് സെക്രട്ടറി/ഹെൽത്ത് സെക്രട്ടറി ഒപ്പ് വച്ചിട്ടുള്ള സത്യവാങ്മൂലം (ന്യൂനതകൾ പരിഹരിക്കാമെന്ന് ഉറപ്പ്)<br>**2.** 2017-18 കാലയളവിൽ ഇൻസ്പെക്ഷൻ വരുമെന്നും ന്യൂനതകൾ പരിഹരിച്ചില്ലെങ്കിൽ 2018-19 ൽ തുടങ്ങുന്ന 2 വർഷം അഡ്മിഷനുള്ള അനുവാദം തടസ്സപ്പെടുമെന്നും അറിയിച്ചിട്ടുണ്ട്. |
| (ബി) ഏതൊക്കെ പോരായ്മകൾ പരിഹരിക്കുവാനാണ് മെഡിക്കൽ കൗൺസിൽ നിർദ്ദേശിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി)<br>1. ഫാക്കൽറ്റി, നഴ്സിംഗ്, റസിഡന്റ്സ്, പാരാമെഡിക്കൽ സ്റ്റാഫ് എന്നീ തസ്തികകളിലെ കുറവുകൾ<br>2. ബ്ലഡ് ബാങ്ക്, ലേബർ റൂം, ഐ.സി.യു, എം.ആർ.ഡി, തുടങ്ങിയ വിഭാഗങ്ങളിലുള്ള പോരായ്മകൾ<br>3. ഒ.പി.ഡി. പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ചിട്ടില്ല.<br>4. ഇൻപേഷ്യന്റ്സിന്റെ എണ്ണത്തിലുള്ള കുറവ്<br>5. സ്റ്റുഡന്റ്സിനും, റസിഡന്റ്സിനുമുള്ള ഹോസ്റ്റലിന്റെ കുറവ്<br>6. അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി എന്നീ |

| | | | |
|---|---|---|---|
| | | | ഡിപ്പാർട്ട്മെന്റിലെ സൗകര്യങ്ങളുടെ കുറവ്<br>7. ലക്ചറർ തിയേറ്ററിലെ പോരായ്മകൾ |
| (സി) | ഈ പോരായ്മകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (സി) | 1. എം.ബി.ബി.എസ്. ഒന്നാം അദ്ധ്യയന വർഷത്തേയ്ക്കുള്ള അദ്ധ്യാപക കുറവ് നികത്തിയിട്ടുണ്ട്.<br>2. നഴ്സിംഗ്,പാരാമെഡിക്കൽ സ്റ്റാഫിന്റെ കുറവുകൾ നികത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. ബ്ലഡ്ബാങ്ക്, എം.ആർ.ഡി, ലേബർ റൂം, ഐ.സി.യു എന്നീ വിഭാഗങ്ങൾ പ്രവർത്തന സജ്ജമാണ്.<br>4. ഒ.പി.ഡി. പൂർണ്ണമായി കംപ്യൂട്ടർവൽക്കരിച്ചു.<br>5. ഇൻപേഷ്യന്റ്സിന്റെ എണ്ണത്തിലുള്ള കുറവ് പൂർണ്ണമായും പരിഹരിച്ചു.<br>6. സ്റ്റുഡന്റ്സിനും, റസിഡന്റ്സിനുമുള്ള ഹോസ്റ്റൽ പൂർണ്ണസജ്ജമാണ്.<br>7. അനാട്ടമി, ഫിസിയോളജി, ബയോകെമിസ്ട്രി ഡിപ്പാർട്ടുമെന്റുകളിലെ ന്യൂനതകൾ പരിഹരിച്ചു.<br>8. ലക്ചറർ തീയേറ്ററിലെ പോരായ്മകൾ പൂർണ്ണമായും പരിഹരിച്ചിട്ടുണ്ട്. |
| (ഡി) | 2016 ഡിസംബർ 22 നും, 2017 മാർച്ച് 21 നും പ്രസ്തുത കോളേജിൽ മെഡിക്കൽ കൗൺസിൽ പരിശോധിച്ച് ചൂണ്ടികാണിച്ച പോരായ്മകൾ യഥാസമയം പരിഹരിച്ച് മറുപടി നൽകിയിട്ടുണ്ടോ ; എങ്കിൽ എന്നാണ് മറുപടി നൽകിയതെന്ന് വ്യക്തമാക്കുമോ? | (ഡി) | ഈ കാലയളവിൽ മെഡിക്കൽ കൗൺസിൽ ഈ സ്ഥാപനത്തിൽ പരിശോധന നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ